# 42. ബ്രാഹ്മണർക്ക് അഖിലേന്ത്യാസംഘടന

അളമുട്ടിയാൽ ചേരയും കടിക്കും. ഇന്ത്യയിലെ ബ്രാഹ്മണരും സംഘടിച്ചുതുടങ്ങിയിരിക്കുന്നു. ബ്രാഹ്മണരുടെ പ്രാദേശിക സംഘടനകൾ മുമ്പുമുണ്ടായിരുന്നു. അവയുടെ ഉദ്ദേശ്യം മുഖ്യമായും സാമൂഹ്യപരിഷ്കരണമായിരുന്നു. ഇപ്പോൾ ബ്രാഹ്മണരുടെ അഖിലേന്ത്യാ സംഘടനകളും ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. 1981 ഡിസംബർ 23 മുതൽ 27 വരെ നാലു ദിവസം മദ്രാസിൽ നടന്ന അഖിലേന്ത്യാ ബ്രാഹ്മണസമ്മേളനം ഇത്തരമൊരു അഖിലേന്ത്യാ സംഘടനയുടെ പ്രാരംഭത്തെയാണ് കുറിക്കുന്നതെന്നു തോന്നുന്നു.

ബ്രാഹ്മണർ അഖിലേന്ത്യാതലത്തിൽ സംഘടിക്കുന്നതെന്തിനാണ്? തങ്ങളുടെ രാഷ്ട്രീയാവശതകൾ പരിഹരിക്കാൻവേണ്ടി അവർ സംഘടിക്കേണ്ടതില്ല. ബ്രാഹ്മണരെന്ന നിലയിൽ അവർക്ക് രാഷ്ട്രീയാവശത ഒന്നുംതന്നെയില്ല. ഇന്നും ഇന്ത്യയിൽ സമൂഹത്തിൽ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നവരിൽ വലിയൊരു പങ്ക് ബ്രാഹ്മണരാണ്. എല്ലാ മന്ത്രിസഭകളിലും അവരുണ്ട്. മിക്കവാറും എല്ലാ രാഷ്ട്രീയകക്ഷികളുടെയും തലപ്പത്ത് അവരെ കാണാം. ഉദ്യോഗസ്ഥന്മാരുടെ എണ്ണമെടുത്താലും, ജനസംഖ്യാനുപാതത്തിൽക്കവിഞ്ഞ പ്രാതിനിധ്യം അവർക്ക് ഇപ്പോഴുമുണ്ട്. ഇനി വ്യവസായരംഗമെടുക്കുക. നല്ല നിലയിൽ ഉള്ള പല വ്യവസായസ്ഥാപനങ്ങളുടേയും ഉടമകളോ നടത്തിപ്പുകാരോ ബ്രാഹ്മണരാണ്. മെഡിക്കൽ, ലീഗൽ മുതലായ പ്രൊഫെഷനുകളിലും അവർക്കാണ് മുൻകൈ.

പക്ഷേ, ഇന്ത്യൻ ജനാധിപത്യത്തിലെ ചില പ്രവണതകൾ തീർച്ചയായും ബ്രാഹ്മണർക്കെതിരായിരുന്നു. ഹിന്ദുസമൂഹത്തിൽ ആചാരപരമായും രാഷ്ട്രീയമായും സാമ്പത്തികമായും ബ്രാഹ്മണർക്കുണ്ടായിരുന്ന മേധാവിത്വം ചോദ്യം ചെയ്യപ്പെട്ടുവരികയാണ്. ദുർബല വിഭാഗങ്ങൾ മുന്നോട്ടു തള്ളിക്കയറി വരുന്ന തോതിന്, പല രംഗങ്ങളിലും ബ്രാഹ്മണർക്കു പിന്നോട്ടു പോകേണ്ടിവരുന്നുണ്ട്. ഭൂപരിഷ്കരണം കൂടുതലും ബ്രാഹ്മണരെയാണു ദോഷകരമായി ബാധിച്ചത്. ബ്രാഹ്മണരുടെ പ്രത്യേകാവകാശങ്ങളുടെ നിയമസാധുത നഷ്ടപ്പെട്ടിരിക്കുന്നു. ബ്രാഹ്മണനാണെന്നതുകൊണ്ടു മാത്രം അഗ്രപൂജ ഇനി ഇന്ത്യയിൽ ആർക്കും ലഭിക്കുകയില്ല. മറ്റു പൗരന്മാരോടൊപ്പം മത്സരിച്ചു മുന്നേറിയാലേ ബ്രാഹ്മണന് ഇനി നില്ക്കക്കള്ളിയുള്ളൂ. ഈ ഭാഗ്യവിപര്യയത്തിൽപ്പെട്ടു പിൻതള്ളപ്പെട്ടുപോയ ഒട്ടനേകം സാധു ബ്രാഹ്മണരുണ്ട്. അവർക്ക് അവശതയുമുണ്ട്. വ്യക്തികളെന്നനിലയിലുള്ള അവശതകളാണവ. അവ പരിഹരിക്കണം. പക്ഷേ, അവ പരിഹരിക്കുന്നതിനുവേണ്ടി രാഷ്ട്രീയതലത്തിൽ ഒരു ജാതിസംഘടനയുണ്ടാക്കേണ്ടതില്ല.

ഇന്ത്യൻ ഫ്യൂഡലിസത്തിൽ ഉണ്ടായിരുന്നത്ര പ്രാമാണ്യം ഇന്ത്യൻ മുതലാളിത്തത്തിൽ ബ്രാഹ്മണർക്കു കൈവന്നിട്ടില്ല. ഈ പ്രാമാണ്യം മുതലാളിത്തത്തിലും നേടുക അവർക്കു പ്രയാസമുള്ള കാര്യമല്ലെന്നതിന് തമിഴ്നാട്ടിലെ പല വ്യവസായസ്ഥാപനങ്ങളും ഉദാഹരണങ്ങളാണ്. വ്യക്തിപരമായ പരിശ്രമത്തിന്റെ ഫലമാണ് അവരുടെ ഈ വിജയം: ജാതീയമായി സംഘടിച്ചാൽ, വ്യാവസായികമായി മുന്നേറുന്നതിന് ബ്രാഹ്മണർക്കു കൂടുതൽ സൗകര്യം ലഭിക്കുമോ? മാർവാറികൾ, സിന്ധികൾ മുതലായ പല ന്യൂനപക്ഷ വിഭാഗങ്ങളും ചെയ്തുവരുന്നതായി പറയപ്പെടുന്നതുപോലെ തൊഴിലുകളിലേർപ്പെടുന്നവരെ, നഷ്ടസാധ്യതയുള്ളപ്പോഴും സാമ്പത്തികമായി സഹായിക്കാൻ ബ്രാഹ്മണസംഘടനയ്ക്കു കഴിയുമോ?

പ്രയാസമാണ്, കാരണം ബ്രാഹ്മണരെന്നത് ഒരൊറ്റ വർഗമല്ല. നരവർഗപരമായും സാംസ്കാരികമായും, ഭാഷാപരമായും, മറ്റു വിധത്തിലും വളരെയേറെ വ്യത്യാസപ്പെട്ട എത്രയോ അധികം ജനവിഭാഗങ്ങളെ ഒന്നിച്ചു ചേർത്താണ് 'ബ്രാഹ്മണർ' എന്ന പൊതുപ്പേരിൽ നാം അറിഞ്ഞുവരുന്നത്. ഇവർക്കു പരസ്പരം വലിയ ബഹുമാനമൊന്നുമില്ല; പുച്ഛം കുറവുമല്ല. ബ്രാഹ്മണരുടെ ഉപവിഭാഗങ്ങൾ തമ്മിൽ വിവാഹബന്ധങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നതാണ് മദ്രാസിലെ അഖിലേന്ത്യാ ബ്രാഹ്മണകൺവെൻഷന്റെ ഒരു തീരുമാനം. സാധാരണ ഗതിയിൽ, തമിഴ് ബ്രാഹ്മണനു പെണ്ണിനെ കൊടുക്കാൻ മലയാളി ബ്രാഹ്മണനു മനസ്സില്ല; മറിച്ചും. എല്ലാത്തരം ബ്രാഹ്മണരുടെയും സ്ഥിതി ഇതാണ്. ബ്രാഹ്മണർക്കിടയിൽ ഉദ്ഗ്രഥനം ഉണ്ടായിട്ടില്ല. ആ നിലയിൽ, ഫ്യൂഡലിസത്തിൽനിന്ന് മുതലാളിത്തത്തിലേക്കുള്ള സാമൂഹ്യമാറ്റത്തിന് ജാതിസംഘടന ബ്രാഹ്മണരെ സഹായിക്കുകയില്ല. മാർവാറികളോ സിന്ധികളോ ചെയ്യുംപോലെ പരസ്പരം പണം നല്കി സഹായിക്കാൻ ബ്രാഹ്മണർ തയ്യാറാവില്ല.

ബ്രാഹ്മണരെ ആക്ഷേപിക്കുന്ന ഫിലിമുകൾ, പോസ്റ്ററുകൾ, ചുമരെഴുത്തുകൾ മുതലായവ പ്രദർശിപ്പിക്കുന്നതിനെയും, മാസികകളും നോവലുകളും മറ്റും പ്രസിദ്ധപ്പെടുത്തുന്നതിനെയും മദ്രാസ് സമ്മേളനം ആക്ഷേപിച്ചിട്ടുണ്ട്. ഈ ആക്ഷേപത്തിൽ കഴമ്പില്ലായ്കയില്ല. ബ്രാഹ്മണരെ കളിയാക്കുന്നതും ദ്രോഹിക്കുന്നതും, ശാരീരികമായി പീഡിപ്പിക്കുന്നതുപോലും നിയമാനുസൃതമായ പാർട്ടിപ്രവർത്തനമാണെന്ന് തമിഴ്നാട്ടിലെയെങ്കിലും ചിലർ കരുതുന്നുണ്ട്. ഇതത്ര ഗൗരവമുള്ള ഒരു കാര്യമായി എടുക്കാനുണ്ടോ? സാധാരണ നിയമ-സമാധാന പ്രശ്നമെന്ന നിലയിൽ കൈകാര്യം ചെയ്യേണ്ടതല്ലേ ഇത്തരം ദ്രോഹം? സൂരിനമ്പൂരിപ്പാടിനെ കളിയാക്കുന്നുണ്ടെന്നു വെച്ച് 'ഇന്ദുലേഖ' നിരോധിക്കണമോ? ബ്രാഹ്മണരെ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആക്രമിക്കുന്ന സംഘടനകളെ നിരോധിക്കണമെന്ന് മദ്രാസ് കൺവെൻഷൻ കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നു. ഇതു നടപ്പുള്ള കാര്യമാണോ? ആക്രമിക്കപ്പെടുന്നവർ പോലീസിലും കോടതിയിലും തേടുകയല്ലേ ആദ്യം വേണ്ടത്? അവിടെ പരിഹാരം കിട്ടിയില്ലെങ്കിലല്ലേ നിരോധനവും നിയമനിർമാണവുംപോലെയുള്ള മാർഗങ്ങൾ തേടേണ്ടൂ?

ഹിന്ദുമത സംരക്ഷണം, സംസ്കൃത വിദ്യാഭ്യാസം എന്നിവ സംബന്ധിച്ചും ചില ആവശ്യങ്ങൾ ബ്രാഹ്മണർ ഉന്നയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ ഫണ്ടുകൾ മതകാര്യങ്ങൾക്കേ ഉപയോഗിക്കാവൂ എന്ന് ബ്രാഹ്മണർ ആവശ്യപ്പെടുന്നതു മനസ്സിലാക്കാം. രാഷ്ട്രീയപ്രവർത്തകരെയും നാസ്തികരെയും ക്ഷേത്രാധികാരികളായി നിയമിക്കരുതെന്ന് അവർ പറയുന്നതിലും യുക്തി ഉണ്ട്. സംസ്കൃതപഠനത്തിന് അവസരം ഉണ്ടാക്കണമെന്നും അവർക്കാവശ്യപ്പെടാം.

പക്ഷേ, ഇവിടെ മുഖ്യമായ പ്രശ്നം ഇതാണ്. ക്ഷേത്രങ്ങളിൽ പൂജകരായി തുടരുവാൻ ബ്രാഹ്മണർ തയ്യാറാണോ? അല്പം വിദ്യാഭ്യാസം നേടിക്കഴിഞ്ഞാൽ ബ്രാഹ്മണർ ആഗ്രഹിക്കുന്നതു ക്ഷേത്രങ്ങളിൽനിന്ന് അകലാനാണ്. കഴിവും മിടുക്കും ഏറെ ഉള്ള ബ്രാഹ്മണർ അമേരിക്കയിലും കാനഡയിലും കുടിയേറിപ്പാർക്കുന്നു. വേറെ കുറേപ്പേർ തങ്ങളുടെ ഗ്രാമങ്ങൾ വിട്ട് ഇന്ത്യയിലെ മഹാനഗരങ്ങളിലേക്കു താമസം മാറ്റുന്നു. സർക്കാർ ആഫീസുകളിൽ കയറിക്കൂടാൻ പറ്റാത്തവർ വ്യവസായ-വാണിജ്യമണ്ഡലങ്ങളിൽ ചേക്കേറുന്നു. മെഡിക്കൽ-ലീഗൽ പ്രൊഫഷനുകളിൽ മേന്മ നേടുന്നു. പത്രപ്രവർത്തകരാവുന്നു. ഇതൊക്കെ കൊള്ളാവുന്നതു തന്നെ. പക്ഷേ, ഇതിന്റെയൊക്കെ ഒരു ഫലം പഴയ ജീവിതവൃത്തികളിൽനിന്ന് അവർ അകലുന്നു എന്നതാണ്. ബ്രാഹ്മണേതര ജാതിക്കാരെ പരിശീലി

പ്പിച്ചു പൂജകരാകുന്നില്ലെങ്കിൽ നടവരവു കുറഞ്ഞ നമ്മുടെ പല ക്ഷേത്രങ്ങളിലും പൂജ മുടങ്ങുകയാവും ഫലം. സംസ്കൃത വിദ്യാഭ്യാസത്തിന്റെയും സ്ഥിതി ഇതുതന്നെ. സൗകര്യം ധാരാളമുണ്ടായിട്ടും സംസ്കൃതം പഠിക്കുന്ന ബ്രാഹ്മണർ എത്രയുണ്ട്. വളരെ കുറച്ചു മാത്രം. ഇംഗ്ലീഷും അറബിയും ജർമനും റഷ്യനും ഒക്കെ പഠിച്ച് കാശു സമ്പാദിക്കാനല്ലാതെ സംസ്കൃതം പഠിച്ച് പുണ്യം നേടാൻ എത്ര ബ്രാഹ്മണക്കുട്ടികൾ സന്നദ്ധരായുണ്ട്?

രണ്ടു വഞ്ചികളിൽ കാൽ വെക്കാനാണ് ബ്രാഹ്മണർ ശ്രമിക്കുന്നതെന്നു തോന്നുന്നു. 'കർമ ടു കോക്ക്ടെയ്ൽ' എന്ന് ഇന്നത്തെ ബ്രാഹ്മണന്റെ ജീവിതചര്യയെ ആരോ വിവരിച്ചിട്ടുണ്ട്. രാവിലെ സന്ധ്യാവന്ദനകർമം. രാത്രിയിൽ ക്ലബ്ബിൽ കൂട്ടുചേർന്ന് വിദേശ മദ്യപാനം. ഇതിനിടയ്ക്കുള്ള സമയത്തിലാകട്ടെ പ്രാചീന-പൗരസ്ത്യരുടെയും ആധുനിക പാശ്ചാത്യരുടെയും പലവിധം നാഗരികതകളെ തൊട്ടും തൊടാതെയും പോകുന്ന പലതരം കൃത്യങ്ങളും. ഇതു് ഇത്തിരി പ്രയാസമുള്ള ഒരു അഭ്യാസമാണ്. ഒന്നുകിൽ ബ്രാഹ്മണർ, തൃശ്ശൂരിൽ ഡിസംബർ 26-ാം തീയതി ചേർന്ന അഖില കേരള ബ്രാഹ്മണസഭയുടെ സമ്മേളനത്തിൽ ശ്രീ രംഗനാഥാനന്ദ സ്വാമികൾ ആവശ്യപ്പെട്ടതുപോലെ, അവരുടെ നഷ്ടപ്പെട്ട പൈതൃകം വീണ്ടെടുക്കുന്നതിന് പ്രാധാന്യം നൽകണം. അതനുസരിച്ച് തങ്ങളുടെ ജീവിതരീതി രൂപപ്പെടുത്തുകയും വേണം. അതല്ലെങ്കിൽ ഭൗതികാഭിവൃദ്ധി പരമ ലക്ഷ്യമായി കരുതുകയും, അതു നേടുന്നതിനു കഴിയുമാറ് സ്വന്തം സമുദായത്തെ ആധുനീകരിക്കുകയും വേണം. രണ്ടു ലോകങ്ങളും ഒരേ സമയം ഭദ്രമാക്കാനുള്ള ശ്രമം വിജയിക്കാൻ സാധ്യതയില്ല. ഏതാനും വിദീർണ വ്യക്തിത്വങ്ങളുടെ സൃഷ്ടി മാത്രമായിരിക്കും അതിന്റെഫലം. കർമം വേണമോ, കോക്ക്ടെയിൽ വേണമോ? അതു് ബ്രാഹ്മണർ തീരുമാനിക്കട്ടെ.

# 43. ഹിന്ദു നവീകരണം

ഹിന്ദുമതം നശിച്ചുകൊണ്ടിരിക്കുകയാണോ? സനാതനമായ മാനവ മതമാണ് ഹിന്ദുമതം എന്നത്രെ ഹിന്ദുക്കളുടെ വിശ്വാസം. സനാതനമായതുകൊണ്ട് അതിനു നാശം സംഭവിക്കുകയില്ല. മാനവ മതമായതുകൊണ്ട് മനുഷ്യരെല്ലാം ഒരുകാലത്ത് അതിലേക്കു വന്നെത്താതെയുമിരിക്കുകയില്ല. പൊതുവേ മതവിശ്വാസത്തിന് എതിരെ ഏററവും ഉച്ചത്തിലുള്ള വെല്ലുവിളി ഇപ്പോൾ ഉയരുന്നതു ഭൗതിക ശാസ്ത്രങ്ങളിൽ നിന്നാണല്ലോ. ഭൗതിക ശാസ്ത്രങ്ങളുടെ നിഗമനങ്ങളുമായി തികച്ചും പൊരുത്തപ്പെട്ടുപോകുന്നവയാണ് ഹിന്ദുമതത്തിലെ അടിസ്ഥാന തത്ത്വങ്ങളെന്ന് വിവേകാനന്ദ സ്വാമികൾ മുതല്ക്കിങ്ങോട്ടുള്ള ഹിന്ദുമതാചാര്യന്മാരെല്ലാം ഉദ്ഘോഷിച്ചിട്ടുണ്ട്. അതിനാൽ ശാസ്ത്രീയ നാസ്തികതയിൽനിന്നും ഹിന്ദുമതത്തിന് ഒന്നും ഭയപ്പെടാനില്ല.

എന്നിട്ടും ഹിന്ദുമതം നശിച്ചുകൊണ്ടിരിക്കുകയാണെന്ന് പല ഹിന്ദുക്കളും ഭയപ്പെടുന്നുണ്ട്. ഒരർത്ഥത്തിൽ ഇതു വാസ്തവവുമാണ്. ലോക ജനസംഖ്യയിൽ ഹിന്ദുക്കളുടെ (ഹിന്ദുക്കൾ എന്നിവിടെ പറയുന്നതു ബൗദ്ധരെയും ജൈനരെയും ഉൾപ്പെടുത്തിയാണ്) അനുപാതം ക്രമേണ കുറഞ്ഞാണു വരുന്നതു്. ഇതിനു കാരണം മതപരിവർത്തനമാകുന്നു. ഭാരതീയ മതാചാര്യരിൽ ആരും മതപരിവർത്തനത്തിൽ വിശ്വസിച്ചിരുന്നില്ല. ഹിന്ദുമതത്തിലേക്കു മററു മതക്കാരെ പരിവർത്തനം ചെയ്യുന്നതിന് ഒരു ചടങ്ങും വിധിച്ചിട്ടില്ലെന്നും, ഹിന്ദുമത തത്ത്വങ്ങളിൽ